**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2193** **12-12-2022 - ൽ മറുപടിയ്ക്ക്**

**കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. അൻവർ സാദത്ത്</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>കാറ്റഗറി 325/2020 വിജ്ഞാപന പ്രകാരമുള്ള കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയി ലേക്കുള്ള എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര ഒഴിവുകൾ വീതം എന്നത് സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>ആകെ 29 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>Sl. No.</th><th>Company/Board</th><th>റിപ്പോർട്ട് ചെയ്ത ഒഴിവുകൾ</th></tr>
<tr><td>1</td><td>Kerala Toddy Workers Welfare Fund Board</td><td>6</td></tr>
<tr><td>2</td><td>Kerala Motor Transport Workers Welfare Fund Board</td><td>6</td></tr>
<tr><td>3</td><td>Kerala Head Load Workers Welfare Board</td><td>10</td></tr>
<tr><td>4</td><td>Kerala Kadhi and Village Industries Board</td><td>6</td></tr>
<tr><td>5</td><td>Kerala Labour Welfare Fund Board</td><td>1</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനത്തിൽ ഏതെല്ലാം കമ്പനികളേയും ബോർഡുകളേയും കോർപ്പറേഷനുകളേയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;</td><td>(ബി)</td><td>1) Kerala Khadi and Village Industries Board<br>2) Kerala Head Load Workers Welfare Board<br>3) Kerala State Cashew Development Corporation<br>4) Kerala Motor Transport Workers Welfare Fund Board<br>5) Kerala Labour Welfare Fund Board<br>6) Kerala Toddy Workers Welfare Fund Board</td></tr>
<tr><td>(സി)</td><td>പ്രസ്തുത കമ്പനി-ബോർഡുകളിൽ ഇനി എത്ര എൽ.ഡി.ടൈപ്പിസ്റ്റുകളുടെ ഒഴിവുകൾ</td><td>(സി)</td><td>ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും</td></tr>
</table>

| | | | |
|---|---|---|---|
| | പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട് എന്ന് അറിയിക്കാമോ; | | നിയമനാധികാരികൾക്കും പൊതു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തസ്തികയിൽ നിയമനം നടത്തേണ്ട ഏതെല്ലാം കമ്പനി-ബോർഡ് -കോർപ്പറേഷനുകളിൽ, താൽക്കാലിക/ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ, എത്രപേരെ വിതമാണ് നിയമിച്ചിട്ടുള്ളതെന്ന് സ്ഥാപനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ഡി) | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികയിൽ താൽക്കാലിക നിയമനം നടത്തരുതെന്ന നിർദ്ദേശം നിലവിലുണ്ട്. |
| (ഇ) | കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് നിയമനത്തിനായി 2023 ഡിസംബറിനകം എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ഇ) | 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022 ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള കമ്പനി-ബോർഡ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള ചുരുക്കപട്ടിക എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ചുരുക്ക പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ